4. ശ്രീ കെ. എം. ചെറിയാൻ,
ധനകാര്യ വകുപ്പ് ജോയിൻറ് സെക്രട്ടറി.
5. ശ്രീ. കെ. കെ. വിജയകുമാർ,
പട്ടികജാതി വികസന ഡയറക്ടർ.
6. ശ്രീ. എം. കെ. മോസ്കരൻ, സാമൂഹ്യക്ഷേമവും
പട്ടികവർഗ്ഗ വികസനവും വകുപ്പ് ഡയറക്ടർ.
7. ശ്രീ. സി. ഗോപാലകൃഷ്ണൻ നായർ,
ഡെപ്യൂട്ടി സെക്രടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന
വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
8. ശ്രീ. ടി പി. ചെല്ലപ്പൻ, അഡീഷണൽ രജിസ്ട്രാർ,
സഹകരണ സംഘങ്ങൾ.

(ബി) ലഭ്യമല്ല.

(സി) നാലാം പ്രാവശ്യം.

പട്ടികജാതി വികസന കോർപ്പറേഷൻ ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും നൽകിയ തുക

725. [1209] ശ്രീ. എം. കെ. കേശവൻ :
,, പി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വികസന കോർപ്പറേഷൻ വഴി കഴിഞ്ഞ ആറു മാസത്തിനിടയിൽ ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി എത്ര തുക വായ്പ നൽകിയിട്ടുണ്ട് ;

(ബി) ഇപ്പോഴും ഈ ആവശ്യങ്ങൾക്കായി കോർപ്പറേഷനിൽ തീരുമാനമെടുക്കാത്ത എത്ര അപേക്ഷകൾ ബാക്കിയുണ്ട് ?

ഉത്തരം

(എ) ഭൂമി വാങ്ങുന്നതിന് 24,000 രൂപ; വീട് വയ്ക്കുന്നതിന് 35,32,460 രൂപ.

(ബി) ഭൂമി വാങ്ങുന്നതിനുള്ള വായ്പക്ക് 2198 അപേക്ഷകൾ ബാക്കിയുണ്ട്. വീട് വയ്ക്കുന്നതിന് വായ്പയ്ക്കുള്ള അപേക്ഷകൾ ഒന്നും തീരുമാനമാകാതെ കിടപ്പില്ല.

പട്ടികജാതി ക്ഷേമ വനിതാ ഹോസ്റലുകൾ

726. [1210] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി ക്ഷേമ വനിതാ ഹോസ്റലുകൾ ഉണ്ട് ?

(ബി) ഓരോ ഹോസ്റലിലും എത്ര പേർ താമസിക്കുന്നു ;

(സി) ഈ ഹോസ്റലുകളിൽ ഒരോന്നിലും ഉള്ള ഉദ്യോഗസ്ഥൻമാരുടെ തസ്തിക തിരിച്ചുള്ള എണ്ണവും അവരുടെ ജോലികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഹോസ്റലുകളിൽ കിടക്കുന്നതിന് എല്ലാവർക്കും കട്ടിലുകൾ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ അത്തരത്തിലുള്ള ഹോസ്റ്റലുകളുടെ പേരുകൾ പറയാമോ ?

(എഫ്) ചില ഹോസ്റ്റലുകളിൽ ഉദ്യോഗസ്ഥർ ജോലി ചെയ്യാതെ അവരുടെ ജോലിയെല്ലാം അവിടെ താമസിക്കുന്ന കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) കൊഴിഞ്ഞാമ്പാറ വനിതാ ഹോസ്റ്റലുകളിൽ അവിടെ താമസിക്കുന്ന കുട്ടികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നു എന്നുള്ള പരാതിയെപ്പറ്റി അന്വേഷിക്കുമോ ;

(എച്ച്) സംസ്ഥാനത്തുള്ള വനിതാ ഹോസ്റ്റലുകളിലേയും പുരുഷ ഹോസ്റ്റലുകളിലേയും പോരായ്മകളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ വേണ്ട സംവിധാനം ഏർപ്പെടുത്താമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അഞ്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 41 പ്രീ-മെട്രിക് ഹോസ്റ്റലുകളുമുൾപ്പെടെ ആകെ 46 വനിതാ ഹോസ്റ്റലുകളുണ്ട്.

(ബി) പ്രീ-മെട്രിക് ഹോസ്റ്റൽ കൊടുങ്ങല്ലൂർ 50
,, പാലക്കാട് 45
,, ഏലത്തൂർ 40
,, മഞ്ചേരി 50
,, പുനലൂർ 40

ബാക്കിയുള്ള എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലേയും അംഗീകരിക്കപ്പെട്ട അംഗസംഖ്യ 30 വീതമാണ്. തിരുവനന്തപുരത്ത് ജഗതിയിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 30 അന്തേവാസികളെയാണ് അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 60 അന്തേവാസികൾ വീതമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഹോസ്റ്റലുകളിലുള്ള ഉദ്യോഗസ്ഥൻമാരുടെ തസ്തിക തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:—

1.	പ്രീ-മെട്രിക് ഹോസ്റ്റൽ		ശമ്പളസ്കെയിൽ
	1. വാർഡൻ	1	640—1000
	2. കുക്ക്	2	550—800
	3. സ്വീപ്പർ കം വാച്ച്മാൻ	1	550—800
	4. പാർട്ട് ടൈം ട്യൂട്ടർ	1	(100 രൂപ ഓണറേറിയം)
2.	പോസ്റ്റ് മെട്രിക് ഹോസ്റ്റൽ		
	1. സ്റ്റുവാർഡ്	1	640—1000
	2. ഹെഡ് കുക്ക്	1	575—900
	3. അസിസ്റ്റന്റ് കുക്ക്	2	550—800

LIBRARY ARCHIVES Kerala Legislative Assembly

4.	വാച്ച്മാൻ	1	550—800
	മെസ് ബോയിസ്/		
	മെസ് ഗേൾസ്	2	(പാർട്ട്-ടൈം)
	പാർട്ട്ടൈം സ്വീപ്പർ	1	
	,, സ്കാവഞ്ചർ	1	
	റസിഡൻറ് ട്യൂട്ടർ	1	(200 രൂപ ഓണറേറിയം)
	പാർട്ട് ടൈം		
	മെഡിക്കൽ ഓഫീസർ	1	(50 രൂപ ഓ ണറേറിയം)

ഓരോ ഉദ്യോഗസ്ഥൻമാരുടെയും ജോലികൾ താഴെ പറയുന്നു.

1. വാർഡൻ : കത്തിടപാടുകൾ നടത്തുക, ബില്ലുകൾ തയ്യാറാക്കുക, സ്റ്റോക്കു രജിസ്റ്ററുകൾ, ഫർണിച്ചറുകൾ, മറ്റു സാമഗ്രികൾ മുതലായവ സൂക്ഷിക്കുക, മെസ്സിന് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുക ; പണമിടപാടുകൾ മുതലായവ.

2. കുക്ക് : അംഗീകരിച്ച മെനു അനുസരിച്ച് ആഹാരം തയ്യാറാക്കുക, അന്തേവാസികൾക്ക് സമയത്തിന് ആഹാരം നല്കുക മുതലായവ

3. ട്യൂട്ടർ : പഠന കാര്യത്തിൽ അന്തേവാസികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക.

4. സ്വീപ്പർ-കം-വാച്ച്മാൻ : ഹോസ്റലും പരിസരവും വൃത്തി യാക്കുക, കൂടാതെ വാച്ച്മാന്റെ ജോലികളും.

5. സ്റ്റുവാർഡ് : ബില്ലുകൾ തയ്യാറാക്കുക, സ്റ്റോക്ക് രജിസ്റ്റ റുകൾ, ഫർണിച്ചറുകൾ മറ്റു സാമഗ്രികൾ മുതലായവ സൂക്ഷിക്കുക, പണ മിടപാടുകൾ മുതലായവ.

6. ഹെഡ് കുക്ക്-അസിസ്റ്റൻറ് കുക്ക് : അംഗീകരിച്ച മെനു അനു സരിച്ച് ആഹാരം തയ്യാറാക്കുക, അന്തേവാസികൾക്ക് സമയത്തിന് ആഹാരം നൽകുക.

7. മെസ്ബോയിസ് : കുക്കുമാരെ സഹായിക്കുക.

8. റസിഡൻറ് ട്യൂട്ടർ : അന്തേവാസികളെ പഠനകാര്യങ്ങളിൽ സഹായി ക്കുക; കത്തിടപാടുകൾ നടത്തുക, പണമിടപാടുകൾ മുതലായവ.

9. പാർട്ട്-ടൈം-മെഡിക്കൽ ആഫീസർ : ഇടയ്ക്കിടയ്ക്ക് ഹോസ്റ റലുകൾ സന്ദർശിച്ച് അന്തേവാസികളുടെ ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കുക.

(ഡി) ഇല്ല.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്. അങ്ങനെയുള്ളവർക്ക് എതിരെ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

(ജി) പരാതിയൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ അന്വേഷണം നടത്തു ന്നതാണ്.

(എച്ച്) പട്ടികജാതി വികസന വകുപ്പിലെ ഡയറക്ടർ ഉൾപ്പെടെയുള്ള സീനിയർ ഉദ്യോഗസ്ഥൻമാരെല്ലാംതന്നെ ഇടയ്ക്കിടക്ക് ഹോസ്റലുകൾ സന്ദർശിച്ച് പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി എടുത്തു വരുന്നുണ്ട്. ഇതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യ മില്ല.

LIBRARY ARCHIVES Kerala Legislative Assembly